# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5495 — 06.07.2012 ൽ മറുപടിയ്ക്ക്

## നദികളുടെ മലിനീകരണം

ചോദ്യം : ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ. കെ. വിജയൻ
ശ്രീ. കെ. അജിത്
ശ്രീമതി. ഇ. എസ്. ബിജിമോൾ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ നദികളിലും മറ്റും ഒഴുകി എത്തുന്നതുമൂലം ജലം മലിനമാകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നദികളും ജലസ്രോതസ്സുകളുമാണ് മലിനപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എ)&(ബി) സംസ്ഥാനത്തെ ജലാശയങ്ങളുടെ തീരങ്ങളിൽ സ്ഥിതിചെയ്യുന്ന നഗരങ്ങളിലും പട്ടണങ്ങളിലും നിന്നുള്ള സ്വീവേജും, ഗാർബേജും ഉൾപ്പെടെയുള്ള ഗാർഹിക മാലിന്യങ്ങൾ ജലാശയങ്ങളിലെത്തിച്ചേർന്ന് മലിനീകരണം സൃഷ്ടിക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുന്ന ജലസ്രോതസ്സുകളുടെ ഗുണനിലവാര പഠനങ്ങളിൽ ജലസ്രോതസ്സുകൾ വ്യവസായങ്ങൾ മൂലം മലിനപ്പെട്ടതായി കാണുന്നില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ പെരിയാറിന്റെ താഴ്ഭാഗങ്ങളിൽ മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലമലിനീകരണം സംബന്ധിച്ച് ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം മലിനീകരണം തടയുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; ഇതിനായുള്ള ഏതെങ്കിലും പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഈ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും എന്ത് തുകയുടെ സഹായം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി)&(ഡി) 1974-ൽ നിലവിൽ വന്ന ജലമലിനീകരണ നിയന്ത്രണ നിവാരണ നിയമവും അനുബന്ധ ചട്ടങ്ങളും അടിസ്ഥാനപ്പെടുത്തി കേരളത്തിലെ നദികളിലേയും മറ്റ് ജലാശയങ്ങളിലേയും മലിനീകരണം തടയുന്നതിനുള്ള പദ്ധതികൾ മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പാക്കി വരുന്നു. കൂടാതെ 2009-ലെ പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവയിലും മലിനീകരണം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രധാനപ്പെട്ട ജലാശയങ്ങളെ മാലിന്യവിമുക്തമാക്കുന്നതിന്റെ ഭാഗമായി 10 പ്രധാന

നദികൾഉൾപ്പെടുത്തി സംസ്ഥാന മലി
നീകരണ നിയന്ത്രണ ബോർഡ് 2567
കോടി രൂപയുടെ കർമ്മപദ്ധതി തയ്യാ
റാക്കി കേന്ദ്രസർക്കാരിന് സമർപ്പി
ക്കുകയും 320 കോടി രൂപ ചെലവാ
യുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര
സർക്കാർ അംഗീകരിക്കുകയും ആദ്യഘ
ട്ടം നടപ്പാക്കാനായി 18.45 കോടി രൂപ
ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

അഷ്ടമുടിക്കായലിന്റെ പരിപാലന
ത്തിനായി 22.74 ലക്ഷം രൂപ 2011–2012
വർഷത്തേക്ക് സാമ്പത്തിക സഹായം
ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ